● ജമാൽ കടന്നപ്പള്ളി

# പ്രബോധകന്റെ ആത്മനൊമ്പരങ്ങൾ

**പ്രബോധിത സമൂഹത്തോട് മനസ്സിൽ തട്ടിയ സ്നേഹവും അനുകമ്പയും ഇല്ലെങ്കിൽ പ്രബോധന പ്രവർത്തനങ്ങൾ വിജയിക്കുകയില്ല.**

●

**തൗഹീദിന്റെ** അനിവാര്യോപാധികളിൽ ഒന്നാണ് ഇസ്‌ലാമിക പ്രബോധനം. ഖുർആൻ പറഞ്ഞു: "യുക്തിപൂർവമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ സരണിയിലേക്ക് വിളിക്കുക. ഉൽകൃഷ്ട രീതിയിൽ ജനങ്ങളോട് സംവാദം നടത്തുക" (*അന്നഹ്ൽ*: 125). ഇവിടെ ആദ്യമായി കല്പിക്കുന്നത് ജനങ്ങളെ നേരിട്ട് അല്ലാഹുവിലേക്ക് ക്ഷണിക്കാനാണ്. നബി(സ) യുടെ ജീവിതം തന്നെയാണ് ഇതിന്റെ ഒന്നാമത്തെ തെളിവ്. നബി(സ)യുടെ പ്രബോധനം ശ്രവിച്ച് ആദ്യമായി ഇസ്‌ലാം സ്വീകരിച്ചത് പത്നി ഖദീജ(റ)യായിരുന്നു. തുടർന്ന് അലി(റ), സൈദ്(റ), അബൂബക്ർ(റ) തുടങ്ങിയവരും. ഇസ്‌ലാം സ്വീകരിക്കുന്നതോടെ ഒരാൾ പ്രബോധകനായി മാറുകയാണ്. അബൂബക്ർ(റ) ഇസ്‌ലാം സ്വീകരിച്ച് തിരുസന്നിധിയിൽനിന്ന് പോയ ശേഷം രണ്ടാമത് നബിയെ കാണാൻ വരുന്നത് അഞ്ചുപേരുമായിട്ടാണ്! ഉസ്മാനുബ്നു അഫ്ഫാൻ, സുബൈറുബ്നുൽ അവ്വാം, അബ്ദുർറഹ്മാനുബ്നുഔഫ്, സഅ്ദുബ്നു അബീവഖാസ്, ത്വൽഹതുബ്നു ഉബൈദില്ലാഹ്(റ) എന്നിവരായിരുന്നു അവർ.

പ്രബോധനത്തിന്റെ വിവിധ രൂപങ്ങൾ പ്രവാചക ജീവിതത്തിൽ നമുക്ക് കാണാം. വ്യക്തിപരം, സംഘം, സംവാദം, ഗൃഹയോഗം, സമ്മേളനം എന്നിങ്ങനെ. യസ്‌രിബ് വാസിയും പ്രഗൽഭ കവിയുമായ സുവൈദുബ്നു സ്വാമിത് മക്കയിൽ വന്നതറിഞ്ഞപ്പോൾ നബി(സ) അദ്ദേഹത്തെ ചെന്നുകണ്ട് ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അപ്പോൾ അദ്ദേഹം ചോദിച്ചു: എന്റെയടുക്കലുള്ളതുപോലെത്തതുതന്നെയാണോ നിങ്ങളുടേതും? റസൂൽ(സ) ചോദിച്ചു: താങ്കളുടെയടുക്കൽ ഉള്ളതെന്താണ്? അദ്ദേഹം പറഞ്ഞു: 'ലുഖ്മാന്റെ തത്ത്വജ്ഞാനം' നബി പറഞ്ഞു: 'ഇപ്പറഞ്ഞത് നല്ലതുതന്നെ. എന്നാൽ എന്റെയടുക്കലുള്ളത് ഇതിലും ശ്രേഷ്ഠമാണ്. എനിക്ക് അല്ലാഹു അവതരിപ്പിച്ചുതന്ന ഖുർആനാണത്.' തുടർന്ന് നബി(സ) ഖുർആനിൽനിന്ന് കുറച്ച് ഓതിക്കേൾപ്പിച്ചു. അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് വിളിച്ചു. അദ്ദേഹം ക്ഷണം സ്വീകരിച്ചു.

ഇയാസുബ്നു മുആദ് യസ്‌രിബുകാരനായ യുവാവാണ്. സ്വന്തം ഗോത്രമായ ഔസിലെ ഒരു സംഘത്തോടൊപ്പം മക്കയിൽ വന്ന അദ്ദേഹത്തെ നബി(സ) സന്ദർശിക്കുകയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. തുടർന്ന് ഖുർആനിൽനിന്ന് അല്പം ഓതി. ഇയാസ് ഇസ്‌ലാം സ്വീകരിക്കാൻ സന്നദ്ധനായി. എന്നാൽ അവരുടെ സംഘത്തിലുണ്ടായിരുന്ന ഔസുബ്നു റാഫിഅ് ഇയാസിന്റെ മുഖത്തേക്ക് മണ്ണുവാരി എറിയുകയും ഇസ്‌ലാം ആശ്ലേഷത്തിൽ നിന്ന് തടയുകയും ചെയ്തു.

ഹജ്ജുവേളകളിൽ നബി(സ) വിശ്രമമില്ലാതെ പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുമായിരുന്നു. നുബുവ്വത്തിന്റെ 10-ാം വർഷത്തെ ഹജ്ജുവേളയിൽ മാത്രം ബനൂ ആമിർ, മുഹാരിബുബ്നു ഖസ്വീഫ, ഫിസാറ, ഗസ്സാൻ, മുർറ, ഹനീഫ, സുലൈം, അബ്സ്, ബനൂനസ്വ്ർ, ബനുൽബുകാഅ്, കിൻദ, കൽബ്, ഹാരിസ്ബ്നു കഅ്ബ്, അദ്റത്, ഹദാരിമ തുടങ്ങിയ ഗോത്രക്കാരുമായി നബി(സ) സംസാരിച്ചിട്ടുണ്ട്. എന്നാൽ അവരിൽ ഒരാൾപോലും ആ സമയത്ത് ഇസ്‌ലാം സ്വീകരിച്ചില്ല! പക്ഷേ, നബി പിന്തിരിഞ്ഞില്ല. ദഅ്വത്ത് വിവിധ രൂപേണ തുടർന്നുകൊണ്ടിരുന്നു. ക്രമേണ അവരും വിശ്വാസികളായി.

പ്രവാചക ജീവിതത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ പ്രബോധന രീതികൾ കാണാം. ആദ്യനാൾ സ്വഫാ മലയിൽ കയറി നബി ജനങ്ങളെ വിളിച്ചു: "വാ സ്വബാഹാ..."(ഒരു വിളംബരത്തിനു മുന്നോടിയായി അറബികൾ പൊതുവെ ഉപയോഗിക്കുന്ന വചനം) തുടർന്ന് തടിച്ചുകൂടിയ ജനങ്ങളോടായി നബി പറഞ്ഞു: 'പ്രിയപ്പെട്ട ജനങ്ങളേ, ഈ പർവതത്തിന്റെ മറുഭാഗത്ത് നിങ്ങളെ ആക്രമിക്കാൻ തയാറായി ഒരു വൻ സൈന്യം ഒരുമിച്ചു കൂടിയിട്ടുണ്ടെന്നു പറഞ്ഞാൽ നിങ്ങളെന്നെവിശ്വസിക്കുമോ? അവർ പറഞ്ഞു: 'തീർച്ചയായും. താങ്കൾ ഇതുവരെ ഒരു കളവും പറഞ്ഞിട്ടില്ല. സത്യസന്ധനും വിശ്വസ്തനുമായിട്ടേ താങ്കളെ ഞങ്ങൾ അറിഞ്ഞിട്ടുള്ളൂ.' അപ്പോൾ നബി പറഞ്ഞു: 'ജനങ്ങളേ, ഞാൻ നിങ്ങളെ ഏകദൈവത്തിനുള്ള അടിമത്തത്തിലേക്ക് ക്ഷണിക്കുന്നു. നിങ്ങളെ വിഗ്രഹപൂജയിൽനിന്ന് മോചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്റെ വാക്കുകൾ അംഗീകരിക്കാത്ത പക്ഷം നിങ്ങൾക്കനുഭ

വിക്കേണ്ടിവരുന്ന വേദനാജനകമായ ശിക്ഷയെക്കുറിച്ചുഞാൻ നിങ്ങളെ താക്കീതു ചെയ്യുന്നു.' ഇത് പരസ്യ പ്രബോധനത്തിന്റെ ഒരു മാതൃകയാണ്. ഇനി പ്രവാചകന്റെ രഹസ്യ പ്രബോധനത്തിന്റെ ഉദാഹരണം: നബി(സ)യും സംഘവും ഒരു യാത്രയിലായിരിക്കെ വെള്ളം തീർന്നു. ദാഹം കഠിനമായി. അപ്പോഴാണ് ഒട്ടകപ്പുറത്ത് ഒരു സ്ത്രീ വരുന്നത് കണ്ടത്. പ്രവാചകൻ അവരെ അടുത്തേക്കു വിളിച്ച് കുടിവെള്ളം ചോദിച്ചു. സംഭവം റിപ്പോർട്ടു ചെയ്ത ഇംറാനുബ്നു ഹുസൈൻ(റ) പറയുന്നു: 'അല്ലാഹുവാണ, എല്ലാവരും വെള്ളം കുടിച്ചുകഴിഞ്ഞപ്പോഴും പാത്രത്തിൽ തുടക്കത്തിലുണ്ടായിരുന്നതിലേറെ വെള്ളം നിറഞ്ഞു നിൽപുണ്ടെന്ന് ഞങ്ങൾക്കുതോന്നി.' നബി(സ) പറഞ്ഞു: 'അവൾക്ക് വല്ലതും സംഭരിച്ചുകൊടുക്കുക.' അവർ ആ സ്ത്രീക്ക് നിറയെ കാരക്കയും ഗോതമ്പ് മാവും നൽകി. അവ ഒട്ടകപ്പുറത്ത് ബന്ധിച്ച് അവളെ യാത്രയാക്കി. അപ്പോൾ നബി(സ) സ്ത്രീയോടു പറഞ്ഞു: 'നിങ്ങളുടെ വെള്ളം ഞങ്ങൾ അൽപംപോലും കുറവ് വരുത്തിയിട്ടില്ല. അല്ലാഹുവാണ് ഞങ്ങൾക്ക് ദാഹജലം നൽകിയത്.' തന്റെ ഗോത്രത്തിൽ തിരിച്ചെത്തിയ ആ സ്ത്രീ നടന്ന സംഭവങ്ങളൊക്കെ പറഞ്ഞു: 'അല്ലാഹുവാണ, ആകാശഭൂമികൾക്കിടയിലുള്ളവരിൽ വെച്ച് ഏറ്റവും മാന്ത്രികനാണ് അയാൾ. അല്ലെങ്കിൽ അയാൾ ശരിക്കും അല്ലാഹുവിന്റെ ദൂതനാണ്.' ഇതായിരുന്നു ഗോത്രക്കാരുടെ പ്രതികരണം. ശേഷം ആ ഗോത്രം ഇസ്‌ലാം സ്വീകരിച്ചു.

ബനൂ തമീം ഗോത്രക്കാരായ ഏതാനും തടവുകാരുടെ കാര്യം സംസാരിക്കാൻ അവരിലെ പത്ത് പ്രമുഖർ മദീനയിൽവന്നു. അവർ നബി(സ)യുടെ വീട്ടിലെത്തി വിളിച്ചു പറഞ്ഞു: 'മുഹമ്മദ്, പുറത്ത് വരൂ.' നബി(സ) പുറത്തുവന്നപ്പോൾ അവർ അദ്ദേഹത്തെ വളഞ്ഞു വെക്കുകയും തങ്ങളുടെ ഗോത്രത്തിന്റെ മഹത്ത്വം പറയാൻ തുടങ്ങുകയും ചെയ്തു. തുടർന്ന് ളുഹർ നമസ്കാരാനന്തരം അവരിലെ പ്രസംഗകനായ അത്വാരിദുബ്നു ഹാജിബ് പ്രസംഗിച്ചു. അതിന് മറുപടി പറയാൻ നബി(സ) മുസ്‌ലിംകൾക്കിടയിലെ പ്രസംഗകനായ സാബിതുബ്നു ഖൈസിനെ നിയോഗിച്ചു. തുടർന്ന് തമീമുകാർ തങ്ങളുടെ കവി സബർഖാനുബ്നു ബദ്റിനെ കവിതയവതരിപ്പിക്കാൻ നിയോഗിച്ചു. അയാൾക്ക് കവിതയിലൂടെ മറുപടി പറയാൻ കവി ഹസ്സാനുബ്നു സാബിത്തിനെ നബിയും നിയോഗിച്ചു. ശേഷം തമീം ഗോത്ര പ്രമുഖനായ അഖ്റഅ്ബ്നു ഹാബിസ് പറഞ്ഞു: 'അവരുടെ(ഇസ്‌ലാമിന്റെ) പ്രസംഗകൻ നമ്മുടെ പ്രസംഗകനെക്കാളും അവരുടെ കവി നമ്മുടെ കവിയെക്കാളും മികവുള്ളവർ തന്നെ. അവരുടെ ശബ്ദം നമ്മുടെ ശബ്ദത്തെക്കാൾ ഉയർന്നതാണ്. അവരുടെ വചനങ്ങൾ നമ്മുടെ വചനങ്ങളെക്കാൾ ഉന്നതവും.' പിന്നെ അവർ ഇസ്‌ലാം സ്വീകരിച്ചു.

**ഉപദേശവും മുന്നറിയിപ്പും കേൾക്കാതെ ധാർഷ്ട്യത്തോടെ പിന്മാറുകയും ദിവ്യദൃഷ്ടാന്തമായ ഒട്ടകത്തെ വധിച്ച് ശിക്ഷയേറ്റുവാങ്ങുകയും ചെയ്ത സമുദായത്തെ നോക്കി സ്വാലിഹ്(അ) പറയുന്നതായി ഖുർആൻ വിവരിക്കുന്നു: 'എന്റെ ജനമേ, എന്റെ റബ്ബിന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നിരുന്നു. ഞാൻ നിങ്ങളോട് ഏറെ ഗുണകാംക്ഷയുള്ളവനുമായിരുന്നു. പക്ഷേ, നിങ്ങൾക്ക് നിങ്ങളുടെ ഗുണകാംക്ഷികളെ ഇഷ്ടമായതേയില്ല' (*അൽ അഅ്റാഫ്*: 79). ഇവിടെ പ്രയോഗിച്ച ഗുണകാംക്ഷ -നുസ്ഹ്- ഉപരിപ്ലവമായ ഒരു ബന്ധമല്ല. പ്രബോധിതരെ നരകാഗ്നിയിൽനിന്ന് മോചിപ്പിക്കാനുള്ള വേവലാതി നിറഞ്ഞ മാനുഷിക ബന്ധമാണ്.**

പ്രവാചകൻ നിയോഗിച്ച സ്ക്വാഡുകൾ നിരവധിയാണ്. ഉയയ്ബ്നു ഹിത്ത്റിനെ ബനൂതമീം ഗോത്രത്തിലേക്കും യസീദുബ്നുൽ ഹുസൈനെ അസ്‌ലം, ഗിഫാർ എന്നീ ഗോത്രങ്ങളിലേക്കും ഉബാദുബ്നു ബിശ്റിൽ അശ്ഹലിയെ സുലൈം, മുസയ്യിന ഗോത്രങ്ങളിലേക്കും റാശിഉബ്നു മുകീസിനെ ജുഹയ്ന ഗോത്രത്തിലേക്കും ദഹ്ഹാകുബ്നു സുഫ്യാനെ ബനൂകിലാബ് ഗോത്രത്തിലേക്കും ബശീറുബ്നു സുഫ്യാനെ ബനൂ കഅ്ബ് ഗോത്രത്തിലേക്കും സ്ക്വാഡ് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. കത്തുകളായിരുന്നു പ്രവാചക ദഅ്‌വത്തിന്റെ മറ്റൊരു മാർഗം. റോമിലെ സീസർ ഹിറാക്ലിയസ്, പേർഷ്യയിലെ ഖുസ്രു പർവേസ്, എത്യോപ്യൻ ചക്രവർത്തി നജ്ജാശി(നേഗസ്), ഈജിപ്ഷ്യൻ ഭരണാധികാരി എന്നിവർക്കൊക്കെ കത്തുകളയച്ചു.

നബി(സ) ഗൃഹയോഗം ചേർന്ന് വിരുന്നു നൽകി പ്രബോധനം നടത്തിയിട്ടുണ്ട്. സ്വഫാ മലയിലെ പ്രഭാഷണത്തിനുശേഷം നബി(സ) വീട്ടിൽ വിരുന്നൊരുക്കി അബ്ദുൽ മുത്ത്വലിബ് കുടുംബത്തിലെ മുഴുവൻ അംഗങ്ങളെയും ക്ഷണിച്ചു. ഹംസ, അബൂത്വാലിബ്, അബ്ബാസ്(റ) തുടങ്ങിയവർ അതിൽ പങ്കെടുത്തു. ഭക്ഷണശേഷം നബി(സ) എഴുന്നേറ്റു നിന്ന് ഒരു ചെറു പ്രസംഗം നടത്തി: 'മതവിശ്വാസത്തിനും ഐഹിക ജീവിതത്തിനും ഒരു പോലെ പ്രയോജനപ്രദമായ ഒരു കാര്യവുമായാണ് ഞാൻ ആഗതനായിട്ടുള്ളത്. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ ആരുണ്ട് എന്നെ സഹായിക്കാൻ?' സദസ്സ് മുഴുവൻ നിശ്ശബ്ദമായിരുന്നു. ചെറുപ്പക്കാരനായ അലി മാത്രമമാണ് എഴുന്നേൽക്കാൻ ധൈര്യം കാട്ടിയത്. അദ്ദേഹം പറഞ്ഞു: 'എന്റെ കണ്ണ് വേദനിക്കുന്നുവെങ്കിലും (അപ്പോൾ അദ്ദേഹത്തിന് കണ്ണ് രോഗം ബാധിച്ചിരുന്നു) എന്റെ പാദങ്ങൾ ദുർബലമാണെങ്കിലും എനിക്ക് പ്രായം കുറവാണെങ്കിലും ഈയുള്ളവൻ അങ്ങയോടൊപ്പമുണ്ടാകും.'

പ്രബോധിത സമൂഹത്തോട് മനസ്സിൽ തട്ടിയ സ്നേഹവും അനുകമ്പയും ഇല്ലെങ്കിൽ പ്രബോധന പ്രവർത്തനങ്ങൾ വിജയിക്കുകയില്ല. വിഗ്രഹാരാധകരായിരുന്ന സഖീഫ് ഗോത്രത്തിലെ നിവേദക സംഘത്തെ ഹിജ്റ ഒമ്പതാം വർഷം റമദാനിൽ നബി(സ) തന്റെ പള്ളിയുടെ ഒരു ഭാഗത്ത് തമ്പുകെട്ടി താമസിപ്പിച്ചതായി ചരിത്രത്തിൽ കാണാം. അതുവഴി അവർ മുസ്‌ലിംകളുടെ നമസ്കാരം കണ്ടു. വിശുദ്ധ ഖുർആൻ ശ്രവിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കാൻ തയാറായപ്പോൾ ചില വിചിത്ര നിർദേശങ്ങൾ മുന്നോട്ടു വെച്ചു; വ്യഭിചാരം ഒഴിവാക്കാൻ സാധ്യമല്ല, കള്ള് കുടിക്കാൻ അനുവദിക്കണം...... പ്രവാചകൻ(സ) അവയൊന്നും അനുവദിക്കാൻ തയാറായില്ലെങ്കിലും അവരുടെ ജാഹിലിയാ മനസ്സിന്റെ ആഴം അറിയുന്ന കരുണാമയനായ നബി അവർക്ക് ആലോചിക്കാൻ സാവകാശം നൽകുകയും സംഭാഷണങ്ങൾ തുടരുകയും ചെയ്തു. ഒടുവിൽ അവർ സർവരും സമ്പൂർണ

മായി ദീനിൽ പ്രവേശിച്ചു. അപ്പോഴും അവർ ഒരു നിർദേശം വെച്ചു: 'ലാത്തയെ നശിപ്പിക്കുന്ന കാര്യം നിങ്ങൾ തന്നെ ഏറ്റെടുക്കണം.' അത് നബി(സ) സ്വീകരിച്ചു.

പ്രവാചകൻ(സ)ന്റെ കനിവും വിട്ടുവീഴ്ചയും നിറഞ്ഞ ഈ പ്രബോധന പാരമ്പര്യം മുന്നിൽവെച്ച് ഒരു പ്രവർത്തന രീതി രൂപപ്പെടുത്തേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്ന പ്രവാചകന്മാരുടെ കരുണാർദ്രമായ മനസ്സായിരിക്കണം അതിന്റെ മുദ്ര. ഖുർആൻ പറയുന്നു: 'അല്ലാഹു ചോദിക്കും: ഓ, ഈസബ്നു മർയം, നീ ജനങ്ങളോട് അല്ലാഹുവിനെക്കൂടാതെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളായി വരിക്കുവിൻ എന്നു പറഞ്ഞിട്ടുണ്ടായിരുന്നോ? അപ്പോൾ അദ്ദേഹം പറയും: 'നീ എത്ര പരിശുദ്ധൻ! എനിക്ക് അധികാരമില്ലാത്തത് പറയുക എന്റെ ജോലിയായിരുന്നില്ല. ഞാനത് പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിട്ടുമുണ്ടായിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിന്റെ മനസ്സിലുള്ളതൊന്നും ഞാൻ അറിയുന്നുമില്ല. നീ അദൃശ്യ യാഥാർഥ്യങ്ങളെല്ലാം അറിയുന്നവനല്ലോ. നീ എന്നോട് ആജ്ഞാപിച്ചിട്ടുള്ളതല്ലാത്തതൊന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എന്റെ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്ന കാലത്തോളം അക്കാര്യത്തിൽ ഞാൻ അവരുടെ നിരീക്ഷകനുമായിരുന്നു. നീ എന്നെ തിരിച്ചുവിളിച്ചപ്പോഴോ അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു. നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ അവർ നിന്റെ ദാസന്മാരല്ലോ. നീ അവർക്ക് മാപ്പരുളുന്നുവെങ്കിലോ, നീ അജയ്യനും അഭിജ്ഞനും തന്നെ' (*അൽ മാഇദ*: 116-118). ഈ ഹൃദയവിശാലതയാണ് എക്കാലത്തെയും പ്രബോധകരിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ഉപദേശവും മുന്നറിയിപ്പും കേൾക്കാതെ ധാർഷ്ട്യത്തോടെ പിന്മാറുകയും ദിവ്യദൃഷ്ടാന്തമായ ഒട്ടകത്തെ വധിച്ച് ശിക്ഷയേറ്റുവാങ്ങുകയും ചെയ്ത സമുദായത്തെ നോക്കി സ്വാലിഹ്(അ) പറയുന്നതായി ഖുർആൻ വിവരിക്കുന്നു: 'എന്റെ ജനമേ, എന്റെ റബ്ബിന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നിരുന്നു. ഞാൻ നിങ്ങളോട് ഏറെ ഗുണകാംക്ഷയുള്ളവനുമായിരുന്നു. പക്ഷേ, നിങ്ങൾക്ക് നിങ്ങളുടെ ഗുണകാംക്ഷികളെ ഇഷ്ടമായതേയില്ല' (*അൽ അഅ്റാഫ്*: 79). ഇവിടെ പ്രയോഗിച്ച ഗുണകാംക്ഷ -നുസ്ഹ്- ഉപരിപ്ലവമായ ഒരു ബന്ധമല്ല. പ്രബോധിതരെ നരകാഗ്നിയിൽനിന്ന് മോചിപ്പിക്കാനുള്ള വേവലാതി നിറഞ്ഞ മാനുഷിക ബന്ധമാണ്. ബഹുദൈവ വാദികളെക്കുറിച്ച് പറയുമ്പോൾ 'മലിനം' എന്ന് പ്രയോഗിക്കുന്നത് അവരുടെ ജീർണിച്ച വിശ്വാസാചാരങ്ങളെ പറ്റിയാണെന്ന് മനസ്സിലാക്കണം. ഇസ്ലാമിന്റെ അത്യുദാത്തമായ മാനവിക ദർശനത്തിന് എതിരല്ല ഈ പരാമർശംഎന്നർഥം. രോഗിയെ ചികിത്സിക്കുന്ന ഡോക്ടർ, രോഗം ഇല്ലായ്മ ചെയ്യാൻ കഠിനയത്നം നടത്തുന്നത് രോഗിയെ സ്നേഹിച്ചുകൊണ്ടാണല്ലോ. മറിച്ചൊരവസ്ഥ സങ്കൽപിക്കാനേ സാധ്യമല്ല. എങ്കിൽ അയാൾ ഭിഷഗ്വരനല്ല; സ്റ്റെതസ്കോപ്പസ് അണിഞ്ഞ ഗുണ്ടയോ കൊലപാതകിയോ ആകും. പ്രബോധിത സമൂഹത്തെപ്പറ്റി ഒരു പ്രബോധകനുണ്ടാവേണ്ട ഉദ്വേഗവും ഉൽകണ്ഠയും നബി(സ)യെ ഉദാഹരിച്ചുകൊണ്ട് അല്ലാഹു പഠിപ്പിക്കുന്നു: 'താങ്കൾ ഈ ജനത്തിനുവേണ്ടി ദുഃഖം പൂണ്ട് ജീവൻ കളഞ്ഞേക്കാം' (*അൽ കഹ്ഫ്*: 6). 'പ്രവാചകരേ, ഈ ജനം വിശ്വാസികളാവാത്തതിൽ മനംനൊന്ത് താങ്കൾ സ്വയം ഹനിച്ചേക്കാം' (*അശ്ശുഅറാഅ്*: 3). ■